(എ) സംസ്ഥാന തൊഴിൽ വകുപ്പു പ്രഖ്യാപിച്ചിട്ടുള്ള ലേബർ അജണ്ട 2000 അനുസരിച്ച് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) സംസ്ഥാന തൊഴിൽ വകുപ്പ് രൂപീകരിച്ച ഒന്നാം ലേബർ കമ്മീഷന്റെ ഘടന എപ്രകാരമാണ് ; ഇതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുമായി ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ട്രേഡ് യൂണിയൻ സംഘടനകളുടെ അഭിപ്രായങ്ങൾ പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഏപ്രിൽ 8 ന് എറണാകുളത്ത് വച്ച് നടന്ന ഒന്നാം ലേബർ കോൺഫറൻസിൽ ആരൊക്കെയാണ് പങ്കെടുത്തത് ; കോൺഫറൻസിന്റെ തീരുമാനങ്ങൾ എന്തൊക്കെയാണ് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) തൊഴിൽ മേഖല ആകെ പുനഃസംഘടിപ്പിച്ച് തൊഴിലാളി ക്ഷേമത്തിന് വിവിധ ആസൂത്രിത പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുള്ള ഒരു കർമ്മ പദ്ധതിയാണ് ലേബർ അജണ്ട 2000. പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. †

(ബി) ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ സംസ്ഥാന ഒന്നാം ലേബർ കമ്മീഷനായി നിയമിക്കാൻ തത്വത്തിൽ തീരുമാനമാക്കിയിട്ടുണ്ട്. ഇതിന്റെ ഘടനയെയോ പ്രവർത്തനങ്ങളെയോ സംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല.

(സി & ഡി) തീരുമാനമായിട്ടില്ല.

(ഇ) തൊഴിലാളി തൊഴിൽദായക സർക്കാർ പ്രതിനിധികളും വ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മറ്റു പ്രതിനിധികളുമാണ് പങ്കെടുത്തത്. കോൺഫറൻസിന്റെ തീരുമാനങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. †

സഹകരണ മേഖലയിൽ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകൾ

22 (*202) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എം .പി. വർഗ്ഗീസ് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം III & III (a)

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഈ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പുതിയ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകൾ എവിടെയെല്ലാം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) അക്കാഡമിയുടെ കീഴിൽ വടകരയിൽ കഴിഞ്ഞ അദ്ധ്യയന വർഷം മുതൽ ഒരു എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിച്ചുവരുന്നു. കൊച്ചിയിൽ ഈ വർഷം ആരംഭിക്കുവാനുദ്ദേശിക്കുന്ന മെഡിക്കൽ കോളേജിൽ ആദ്യവർഷ ക്ലാസ് ആരംഭിക്കുന്നതിനുവേണ്ടി സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ,പുസ്തകങ്ങൾ, മറ്റ് പഠനോപകരണങ്ങൾ, യോഗ്യരായ അദ്ധ്യാപകരുടെ നിയമനം ഇവ പൂർത്തിയായിട്ടുണ്ട്. മെഡിക്കൽ "കൗൺസിലിന്റെ ഇൻസ്പെക്ഷൻ ടീം" പരിശോധനയ്ക്കായി ജൂൺ 28,29 തീയതികളിൽ സ്ഥാപനം സന്ദർശിക്കുന്നുണ്ട്. ഒൻപത് എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ.യുടെ അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട്. കേരളസർക്കാരും ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളും നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകി കഴിഞ്ഞിട്ടുണ്ട്. ആവശ്യമായ സ്ഥല സൗകര്യങ്ങളെക്കുറിച്ചുള്ള പരിശോധന അതിലേക്കായി രൂപീകരിച്ച് വിദഗ്ദ്ധ സമിതി നടത്തിക്കൊണ്ടിരിക്കുന്നു.

(ബി & സി) സർക്കാർ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മറ്റു സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനത്തിന്റെ അതേ മാനദണ്ഡമാണ് സഹകരണ അക്കാഡമിയുടെ കീഴിലുള്ള കോളേജുകൾക്കും ബാധകമായിട്ടുള്ളത്. ഇതനുസരിച്ച് സീറ്റുകൾ ഫ്രീ സീറ്റ് എന്നും പേയ്മെന്റ് സീറ്റ് എന്നും തിരിച്ചിട്ടുണ്ട്. പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും, സംവരണ തത്വം പാലിച്ച് പരീക്ഷാ കമ്മീഷണർ നാമനിർദ്ദേശം ചെയ്യുന്ന കുട്ടികളെയാണ് ഈ രണ്ടു വിഭാഗത്തിലും പ്രവേശിപ്പിക്കുന്നത്. പേയ്മെന്റ് സീറ്റിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫീസും ഡെപ്പോസിറ്റും ആണ് ഈടാക്കുന്നത്.

(സി) കൊച്ചിയിൽ ഒരു മെഡിക്കൽ കോളേജ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓരോ എഞ്ചിനീയറിംഗ് കോളേജുകളും എറണാകുളം ജില്ലയിൽ എം.ബി.എ കോഴ്സിനുള്ള ഒരു കോളേജും തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly